## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2488.** **09.03.2018 ൽ മറുപടിയ്ക്ക്**

## ക്യാമ്പസുകളിൽ മയക്കുമരുന്നിന്റെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സ്കൂളുകളിലും ക്യാമ്പസുകളിലും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. രഹസ്യ നിരീക്ഷണങ്ങളിലൂടെ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പ്രദേശത്തെ പൊതുജനങ്ങളുടെയും സഹകരണത്തോടെ ലഹരി വർജ്ജന നടപടികൾ സ്വീകരിക്കുന്നുണ്ട്. വിമുക്തി മിഷന്റെ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളുടെ ഭാഗമായി ലഹരിക്കെതിരെ 'കായികലഹരി' എന്ന പദ്ധതി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. |
| (ബി) | ഇത് നിയന്ത്രിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**